# ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വിഷയം:- ആവഡ - ആവഡ - ജീവനക്കാര്യം - മാനദണ്ഡ അടിസ്ഥാനത്തിലുള്ള പൊതുസ്ഥലം മാറ്റം 2026 - പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ അന്തിമ പട്ടികയിന്മേൽ ഡോ.അബ്ദുൽ സത്താർ.എ ഫയൽ ചെയ്ത നമ്പർ കേസുമായി ബന്ധപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:- 1. ഉത്തരവ് നം.ഇ.ബി4- **9484/2026** ആ.വ. ഡ തീയതി **01/7/2026**

2. ഉത്തരവ് നം.ഇ.ബി4- **9484/2026**/ആ.വ. ഡ തീയതി **09/7/2026**

3. Interim Order dated 06/7/2026 in OA(EKM) No. 892/2026 of Hon'ble Kerala Administrative Tribunal, Ernakulam

4. ഉത്തരവ് നം.ഇ.ബി4- **9484/2026** ആ.വ. ഡ തീയതി **21/7/2026**

**ഉത്തരവ് നം: ഇ.ബി4- 9484/2026/ആ.വ.ഡ തീയതി: 22-07-2026**

ആരോഗ്യവകുപ്പിലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ 2026-ലെ പൊതുസ്ഥലംമാറ്റം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള അന്തിമ സ്ഥലംമാറ്റ പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച് ഉത്തരവായിരുന്നു. കരട് സ്ഥലംമാറ്റ പട്ടികയിൽ നിന്നും

വ്യത്യസ്തമായി പുതിയതായി ചേർക്കപ്പെട്ടിട്ടുള്ള മെഡിക്കൽ ഓഫീസർക്ക് നിശ്ചിത പരിധിക്കുള്ളിൽ ഹർജി നൽകുന്നതിന് സമയം അനുവദിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 2 പ്രകാരം അപ്പീൽ ഹർജി പരിഗണിച്ച് അന്തിമ പട്ടിക പരിഷ്കരിച്ച് ഉത്തരവായിരുന്നു. എന്നാൽ 2026-ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് തസ്തികയിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നിലനിൽക്കുന്നതിനാൽ പ്രസ്തുത കേസുമായി ബന്ധപ്പെട്ട പൊതുസ്ഥലംമാറ്റ പട്ടികയിലെ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരെ വിടുതൽ ചെയ്യുവാൻ നിർദേശിച്ചിരുന്നു .

പരാമർശം 3 പ്രകാരമുള്ള ബഹു .കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പരാമർശം 4 പ്രകാരം അനുപാലനം ചെയ്യപ്പെട്ടതിനാൽ പരാമർശം 1 ഉത്തരവിലെ ക്രമ നം. 15,20 ആയി ഉൾപ്പെട്ട ജീവനക്കാർക്ക് പരാമർശം 1 പ്രകാരം അനുവദിച്ച സ്ഥാപനങ്ങളിൽ ജോയിൻ ചെയ്യുവാൻ അനുമതി നൽകി ഉത്തരവാകുന്നു . വിടുതൽ /പ്രവേശന വിവരങ്ങൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ് .

പരാമർശം 1,2 പ്രകാരമുള്ള 2026 ലെ പീഡിയാട്രിക്സ് വിഭാഗം ജൂനിയർ കൺസൽട്ടൻറ് -മാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അന്തിമ പട്ടിക മേൽഭേദഗതികളോടെ നിലനിൽക്കുന്നതാണ് .

ആരോഗ്യ വകുപ്പ് മേധാവിയുടെ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ ഉത്തരവിന്റെ പകർപ്പ് അനന്തര ആവശ്യങ്ങൾക്കായി ഡൌൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

Digitally signed by
Meenakshy V
Date: 22-07-2026
11:18:50
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്:-

ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ

പകർപ്പ്:-

1. അക്കൗണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം

2.ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ

3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ

4 .ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്